## പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ഒക്ടോബർ 28, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

34 (*331) വൈദ്യുതി വകുപ്പിന് കീഴിലുള്ള ഡാമുകളുടെ പരിശോധന

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനൽ (DSRP) സംസ്ഥാനത്ത് വൈദ്യുതി വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട 22 ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിന്മേൽ കേന്ദ്ര ജലകമ്മീഷന്റെ മാർഗ്ഗനിർദ്ദേശപ്രകാരം ഡാം സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ നടന്നുവരികയാണെന്നും സഭയെ അറിയിച്ചു. ഡാം സുരക്ഷയ്ക്കായി കാലവർഷത്തിന് മുമ്പും ശേഷവും പരിശോധനകൾ നടത്തുകയും

ഡാം സേഫ്റ്റി അതോറിറ്റി നിർദ്ദേശിക്കുന്ന ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട്. സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായി കണ്ടള, മാട്ടുപ്പെട്ടി, പൊന്മുടി, ആനയിറങ്കൽ, കല്ലാർകുട്ടി, ചെങ്കുളം ഡാമുകളുടെയും പൊരിങ്ങൽക്കുത്ത് റിസർവോയറിന്റെയും ബാത്തിമെട്രിക് സർവ്വേ നടത്തുകയും ഷോളയാർ ജലസംഭരണിയുടെ സർവ്വേ നടത്തുന്നതിന് പീച്ചി KERI-യെ ഏൽപ്പിക്കുകയും ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ എന്നിവയുടെ സർവ്വേ കേന്ദ്ര ജലകമ്മീഷന്റെ നേതൃത്വത്തിൽ നടത്താൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ ഡാമിനും റൂൾ ലെവൽ, അലെർട്ട് ലെവൽ എന്നിവ നിശ്ചയിച്ചിട്ടുണ്ടെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ഓറഞ്ച് ബുക്ക് അനുസരിച്ചും ജില്ലാകളക്ടർമാരുടെ അനുമതിയോടുകൂടിയും മാത്രമേ ഡാമുകൾ തുറക്കാറുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി. സുരക്ഷാസംവിധാനങ്ങളുടെ ഭാഗമായി സാറ്റലൈറ്റ് ഫോൺ ശൃംഖല, ജനറേറ്റർ, സി.സി.ടി.വി., ഹൈമാസ്റ്റ് ലൈറ്റുകൾ, സൈറൺ, വർഷമാപിനി, ഫസ്റ്റ് എയ്ഡ് കിറ്റ് തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. ബാണാസുരസാഗർ, കക്കയം, പള്ളിവാസൽ, ആഢ്യൻപാറ, മാട്ടുപ്പെട്ടി, പൊന്മുടി, കല്ലാർകുട്ടി, ലോവർ മീൻമുട്ടി തുടങ്ങിയ 12

അണക്കെട്ടുകളോട് ചേർന്ന്  ടൂറിസം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഡാമുകളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനും കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും സൂക്ഷ്മ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പ്രത്യേക ടെണ്ടർ വിളിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും 190 MW വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ജലവൈദ്യുത പദ്ധതികൾ നിലവിലുണ്ടെന്നും ഇടുക്കി ഡാമിൽ റൂൾ കർവിൽനിന്നും  ഒന്നര അടി താഴ്ത്തിയാണ് ജലനിരപ്പ് നിർത്തിയിട്ടുള്ളതെന്നും  പൊരിങ്ങൽക്കുത്ത് ഡാം പുനരുദ്ധാരണ പ്രവൃത്തിയുടെ  വർക്ക് അവാർഡ് ചെയ്തിട്ടുണ്ടെന്നും ഡാമുകളിൽനിന്നും വെള്ളം തുറന്നുവിട്ടതിനെത്തുടർന്ന് കെ.എസ്.ഇ.ബി.-ക്ക് ഏകദേശം 45 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നും ഡാമുകൾ തുറക്കുന്നതിനു മുന്നോടിയായി കൃത്യമായ വിവരങ്ങൾ നൽകി ജനങ്ങളുടെ ആശങ്ക ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

35 (*332) <u>വ്യവസായ സംരംഭങ്ങൾക്ക് പാട്ടഭൂമി</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, സിഡ്കോ എന്നിവ 30 വർഷത്തെ പാട്ടവ്യവസ്ഥയിലും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഹയർ പർച്ചേസ് വ്യവസ്ഥയിലും സംസ്ഥാനത്ത് വ്യവസായ ഭൂമി അനുവദിച്ചുവരുന്നുണ്ടെന്നും വ്യവസായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരുടെ വിവിധ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും ഒരു ഏകീകൃത ലാൻഡ് അലോട്ട്മെന്റ് നയം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും സഭയെ അറിയിച്ചു. വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ഫീസിബിലിറ്റി സ്റ്റഡി നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇവയുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും സ്വകാര്യ വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്നും 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയുടെ ഭാഗമായി 3650 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പാട്ടഭൂമിയുടെ സ്റ്റാറ്റസ്

റിപ്പോർട്ട് തയ്യാറാക്കുകയും ലിറ്റിഗേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഹൈക്കോടതിയിൽ സ്പെഷ്യൽ പ്ലീഡറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സംരംഭകർക്ക് വിവിധ സേവനങ്ങൾ നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾ പരിഹരിക്കുന്നതിന് സംസ്ഥാന/ജില്ലാതല പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവാസി കുടുംബങ്ങൾക്ക് കുടുംബശ്രീ മുഖേന 2 ലക്ഷം രൂപയുടെ വായ്പാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ചേർത്തല വ്യവസായ പാർക്കിന്റെ പണി പൂർത്തിയായിട്ടുണ്ടെന്നും ട്രാവൻകൂർ സിമന്റ്സിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഇടപെടൽ നടത്തുമെന്നും സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഇന്ത്യയിലെ ഏറ്റവും മികച്ച 15 പാർക്കുകളിൽ കിൻഫ്രയുടെ 4 പാർക്കുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

36 (*333) <u>വിറ്റഴിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റെടുക്കൽ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ- ഇ.എം.എൽ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നിവയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും

കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വില നൽകണമെന്ന കേന്ദ്ര നിർദ്ദേശം കാരണം പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും സഭയെ അറിയിച്ചു. ബി.പി.സി.എൽ.-ഉം കൊച്ചിൻ റിഫൈനറിയും സ്വകാര്യവത്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉല്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്കരണ, വിപുലീകരണ, വൈവിദ്ധ്യവത്കരണ പദ്ധതികൾ ഉൾപ്പെടുത്തി പുതുക്കിയ മാസ്റ്റർ പ്ലാനുകൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വിപണി മത്സരവും പ്രവർത്തന മൂലധനത്തിന് അപര്യാപ്തതയും നേരിടുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾ സുതാര്യമായി സാങ്കേതിക മികവോടെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നൂതന ഇലക്ട്രോണിക് ഗവേണൻസ്

ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങളിൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ യോഗ്യത പുനർനിശ്ചയിച്ച് വിദഗ്ധരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ജീവനക്കാരുടെ നിയമനത്തിന് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കേരള റബ്ബർ കമ്പനി രൂപീകരിച്ചിട്ടുണ്ടെന്നും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉപയോഗശൂന്യമായ സ്ഥലങ്ങൾ എസ്റ്റേറ്റുകളായി വികസിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണെന്നും സെമി കണ്ടക്ടറുകൾ നിർമ്മിക്കുന്നതിന് മട്ടന്നൂരിൽ 500 ഏക്കർ സ്ഥലം നൽകാൻ തയ്യാറാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും കെൽട്രോണിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യാവസായികാവശ്യങ്ങൾക്ക് ഏറ്റെടുത്ത ഭൂമി മറ്റ് കാര്യങ്ങൾക്ക് നൽകാൻ കഴിയില്ലെന്നും സ്റ്റേറ്റ് പർച്ചേസ് മാന്വൽ പരിഷ്ക്കരിക്കുന്നതിന് വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

37 (*334) വ്യവസായ ഇടനാഴികൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ 'ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്' എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടെന്നും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു 'നോഡ് 'ആയി വികസിപ്പിക്കാനും കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആൻഡ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി വികസിപ്പിക്കാനും വിഭാവന ചെയ്യുന്നുണ്ടെന്നും 2021-ഓടുകൂടി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുമെന്നും മന്ത്രി വ്യക്തമാക്കി. പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് CH2M എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് സമയബന്ധിതമായി എല്ലാ അനുമതികളും ലഭ്യമാക്കുന്നതിന് ഏകജാലക

സംവിധാനമേർപ്പെടുത്തുകയും സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കുകയും സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വ്യവസായ നയത്തിൽ പ്രഖ്യാപിക്കുകയും ഡിജിറ്റൽ വ്യവസായങ്ങൾക്ക് പ്രത്യേക ഇലക്ട്രോണിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അനുയോജ്യമായ ഭൂമി ലഭ്യമാക്കിയാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി എല്ലാ മണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്കിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ എക്യുപ്മെന്റ്സ്, കൺസ്യൂമബിൾസ് എന്നിവയുടെ നിർമ്മാണത്തിന് പുതിയ പാർക്കുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടെന്നും സംരംഭകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും നൽകാൻ സർക്കാർ പ്രിജ്ഞാബദ്ധമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.